# RESEARCH SCHOLAR

Vol. IV No. II June 2014

ISSN 2249-6696

Refereed Interdisciplinary Research Journal

(Published Quarterly in March, June, September and December)



Publishers

**Scholars Association of Kerala**

Ruby Villa, Kozha P. O.,

Kottayam Dist. Kerala - 686640

e.mail: thomaschennanchira@gmail.com

# *Contents*

## LANGUAGE & LITERATURE

1. The Unfulfilled Body: The Logic of Desire in David Hare's *Plenty* 1-4
**Theresa John**

2. Contribution of Najib Mahfouz as an icon of Modern Arabic Novel in Egypt 5-10
**Sainul Abideen P.K.**

3. Representation and Resistance: A Postcolonial Reading of Ama Atta Aidoo's *Anowa* 11-15
**Sona George**

4. Hermann Hesse's *Siddhartha:* A Tale of Renunciation 16-18
**Nithin Varghese**

5. 'നാറാണത്ത് ഭ്രാന്തൻ' - ഐതിഹ്യത്തിന്റെ പൊരുളും പരിപ്രേക്ഷ്യവും 19-28
**ആശാമോൾ എസ്.**

6. എം.ടി.യുടെ കഥകളിലെ സാമൂഹിക പശ്ചാത്തലം 29-37
**ജിൻസി ജോസഫ്**

7. നവോത്ഥാനകാല കാഥികരും കാരൂരും 38-41
**സിന്ധുദേവി എസ്.**

8. ബാല്യവും പ്രതിരോധത്തിന്റെ അനിഷേധ്യ ധ്വനികളും 42-45
**മെറിൻ ഫ്രാൻസിസ്**

9. മലയാളത്തിലെ ബ്ലോഗുകവിതകൾ 46-55
**വി.എസ്. ശ്രീജിത്ത് കുമാർ**

10. തിരുവിതാംകൂറിലെ 'ഈഴവനികുതികൾ' ഒരു പഠനം 56-58
**ജോമോൾ ജോസ്**

11. സി.വി. നോവലുകളിലെ ചരിത്രാംശങ്ങൾ 59-63
**രാജേഷ് ബി.ആർ.**

## BOTANY

12. Seasonal Variation of AM Fungi on two Hydrocarbon Bearing Plant Species of *Jatropha* 64-67
**Kiran P. Kolkar & H.C. Lakshman**

13. Influence of Single or Combined AM Fungal Inoculation on the Growth Response and Puptake of three Hard Wood Tree Species 68-70
**H.C. Lakshman**

Vol. IV No. II June 2014



# തിരുവിതാംകൂറിലെ 'ഈഴവനികുതികൾ' ഒരു പഠനം

**ജോമോൾ ജോസ്**
അസി. പ്രൊഫസർ, മലയാളവിഭാഗം
സെന്റ് അലോഷ്യസ് കോളേജ്, എടത്വ
ആലപ്പുഴ ജില്ല.

അവകാശങ്ങൾ നിഷേധിക്കപ്പെട്ട തിരുവിതാംകൂർ സംസ്ഥാനത്ത് ഏറെക്കാലം കഴിഞ്ഞുകൂടിയ ഈഴവ സമുദായം അനുഭവിച്ചിരുന്ന സാമൂഹികാനീതികൾ വളരെയായിരുന്നു എന്നത് നിസ്തർക്കമാണ്. ഇവയെപ്പറ്റി കേട്ടറിവുമാത്രമുള്ള പുതുതലമുറയ്ക്ക് ആ സമുദായത്തിന്റെമേൽ ചുമത്തപ്പെട്ടിരുന്ന നികുതികൾ ഏറെ രസാവഹമായി തോന്നാം.

**ചെത്തുപാട്ടം:-** ഇത് കൊടുത്തുകഴിഞ്ഞാൽ ആർക്കും ഇഷ്ടംപോലെ കള്ളുചെത്തിയും ചാരായം വാറ്റിയും കുടിക്കുന്നതിനും വിൽക്കുന്നതിനും സ്വാതന്ത്ര്യം ലഭിക്കും. മദ്യസേവയ്ക്ക് ഒരു സമുദായത്തിന് സർക്കാർതന്നെ അനുവാദം കൊടുത്ത സ്ഥിതി. കൊല്ലവർഷം 5-ാം നൂറ്റാണ്ടിൽ പോലും ഈഴവരിൽനിന്ന് ചെത്തുപാട്ടം പിരിച്ചിരുന്നതായി കാണാം. ഇതു സംബന്ധിച്ച് 993-ാമാണ്ടു മീനം 19-ാം തീയതിലെ ഒരു വിളംബരം നോക്കുക.

"ഈ രാജ്യത്ത് ഈഴവരു മുതലായ ആളുകളുടെ പേരിൽ ചെത്തുപാട്ടം മുതൽക്കൂട്ടി പിരിപ്പിച്ചുവരുന്ന പണം നിർത്തൽചെയ്ത് കള്ളും ചാരായവും അക്കാനിയും വിൽക്കുന്നതിന് പണ്ടാരവകയിൽ ബോധിപ്പിച്ചു പിടിപാടു വാങ്ങിച്ചു നടന്നുകൊള്ളത്തക്കവണ്ണം ധനുമാസം 2-ാം തീയതി വിളംബരം പ്രസിദ്ധപ്പെടുത്തിയതിന്റെശേഷം തോവാളമുതൽ വിളവംകോടുവരെ അഞ്ചു മണ്ടപത്തും വാതുക്കൽ ഉള്ള ഈഴവർ ഇറക്കുന്ന കള്ളിനും ചാരായത്തിനും പാലിനും നെയ്യും തറിക്കും ആണ്ടൊന്നിന് 5,495 പണംവീതം കെട്ടുകുത്തക പിരിച്ചു; .......... അവരവർതന്നെ പണ്ടാരവകയിൽ കൊണ്ടുവന്നു ഒടുക്കി യാതൊരുവകയ്ക്കും കൽപന അനുസരിച്ചു നടന്നുകൊള്ളുകയും വേണം".

**തറിത്തീരുവ, തറിക്കടമ:-** നെയ്ത്തുകാരായ ഈഴവരുടെമേൽ ചുമത്തിവന്ന നികുതിയാണിത്. കൊല്ലവർഷം 7-ാം നൂറ്റാണ്ടിൽ ജയസിംഹൻ എന്ന കൊല്ലം രാജാവിന്റെ സന്നിധിയിൽ മേൽജാതികളുടെ അക്രമത്തിനും അടിക്കും എതിരായും മേൽജാതികൾ കരം ചുമത്തുന്നതിനെ പ്രതിഷേധിച്ചും ആവലാതി ബോധിപ്പിച്ചു പരിഹാരമായി ഏഴജാതികൾക്ക് കപ്പൽവരി, പടപ്പണം എന്നിവയൊഴിച്ച് മറ്റൊരു കരവും കൊടുക്കേണ്ടയെന്നും പൊതുക്കിണറുകൾ ഉപയോഗിച്ചുകൊള്ളാമെന്നും കൽപനയുണ്ടായി.

**തലയറ:-** തലപ്പണമെന്നും തലവരിയെന്നും പലപേരുകളിൽ ഈ നികുതി അറിയപ്പെടുന്നു. 926-ൽ രാമയ്യന്റെയും മാർത്താണ്ഡവർമ്മയുടെയും കാലത്താണ് ഈ അന്യായനികുതി ഈഴവർ തുടങ്ങിയ ഏഴജാതികളുടെമേൽ ചുമത്തപ്പെട്ടത്. മാർത്താണ്ഡവർമ്മ ഒട്ടുവളരെ യുദ്ധങ്ങളും 925-ൽ തൃപ്പടിദാനവും നടത്തി ഭണ്ഡാരം നിശ്ശേഷം ശോഷിപ്പിച്ചത് നികത്താൻ കണ്ടുപിടിച്ച എളുപ്പമാർഗ്ഗങ്ങളിലൊന്നായിരുന്നു ഈ വരി.

16 മുതൽ 60 വയസ്സുവരെ ഏഴജാതികളുടെ തലയെണ്ണി ഇതു പിരിച്ചുവന്നു. 6 കൊല്ലത്തിലൊരിക്കലാണ് ഈ നികുതി നിശ്ചയിക്കുന്നത്. നായന്മാരെയും മാപ്പിളമാരെയും കൊങ്കിണികളെയും മറ്റും ഈ നികുതിഭാരത്തിൽനിന്നും ഒഴിവാക്കിയിരുന്നു. 990-ൽ നിർത്തൽ ചെയ്യപ്പെട്ട ഈ നികുതിമൂലം ഭീമമായ ഒരു വരവാണ് ആഹൂതി ചെയ്യപ്പെട്ടത്.

തലവരി നിർത്തൽ ചെയ്തുകിട്ടാൻ മിഷനറിമാരുടെ പിന്തുണ വളരെയധികം സഹായകമായി

[illegible]ണ്. ജീവിച്ചിരുന്നവർക്കും മരിച്ചുപോയവർക്കും നാടുകടത്തപ്പെട്ടവർക്കും ഒക്കെ [illegible] നികുതി കൊടുക്കേണ്ടിവന്നു. ഈ തലവരി വഴി ഈഴവരിലും ചാന്നാൻമാരിലുംനിന്ന് സർക്കാരിന് പ്രതിവർഷം 88,044 രൂപയും മറ്റ് ഹീനജാതികളിൽനിന്ന് 4,624 രൂപയുമാണത്രെ അന്ന് ലഭിച്ചിരുന്നത്. അന്നത്തെ മൊത്തം മുതലെടുപ്പ് 34 ലക്ഷം രൂപയിൽ കവിഞ്ഞിരുന്നില്ല. ജനസംഖ്യ 12 ലക്ഷവും.

**രൂപാവരി:-** ധർമ്മരാജാവും കേശവദാസനുംകൂടി ഏർപ്പെടുത്തിയ നികുതിയാണ് രൂപാവരി. ടിപ്പുവിന്റെ ആക്രമണംമൂലം ഉണ്ടായ പണക്കുഴപ്പം പരിഹരിക്കാനായിരുന്നു ഇത് ചുമത്തിത്തുടങ്ങിയത്. തലവരിയും [illegible] 15 ലക്ഷത്തിൽപ്പരം രൂപാ അന്ന് കേശവദാസന് വേണ്ടിയിരുന്നു. 967-ൽ ഇതിലേയ്ക്ക് തോവാള മുതൽ ചിറയിൻകീഴ് വരെയുള്ള നെയ്ത്തുതറി വകയിലും മറ്റും 11,500 രൂപായും തിരുവനന്തപുരം മുതൽ ഈഴവർ വകയിൽ 15,000 രൂപായും പിരിച്ചതായി കാണുന്നു.

**സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള കരങ്ങൾ**

**ആണ്ടുകാഴ്ച:-** മുക്കുവർ, ചോവന്മാർ മുതലായവർ കൊല്ലംതോറും തങ്ങളുടെ സ്ഥാനം സംബന്ധിച്ച് നൽകേണ്ടിയിരുന്ന കാഴ്ച.

**കൊട്ടുപാട്ടുസ്ഥാനം:-** പഴയകാലത്ത് കഴുത്തുകെട്ടിന് ഈഴവരിൽനിന്നും പിരിച്ചുവന്ന ഒരുതരം അടിപ്പണമായിരുന്നു കൊട്ടുപാട്ടസ്ഥാനം. കൊട്ടാനും പാടിക്കാനും ഉള്ള ഒരവകാശത്തിന് 1044 മിഥുനം 2-ാം തീയതിയാണ്, 'മേലാൽ ഈ സ്ഥാനത്തിന് അടിയതീരാതെ നടത്തികൊള്ളുന്നതിൽവച്ച് യാതൊരു വിരോധവും ഇല്ല' എന്ന് ഗവൺമെന്റ് ഗസറ്റിൽ പരസ്യംവരുന്നത്.

**പന്തൽസ്ഥാനം:-** പന്തൽസ്ഥാനത്തിനായി ചുമത്തപ്പെട്ട കരം.

**കുപ്പക്കാഴ്ച:-** കുടിൽ ഒന്നിന് ഒന്നും രണ്ടും പണംവീതം ഈഴവർ, പറയർ തുടങ്ങിയ ഹീനജാതികളുടെമേൽ ചുമത്തിവന്നു. 1036-ൽ നാലു മണ്ഡപത്തും വാതിൽക്കലായി 4089 ഈഴവരുടെയും പറയരുടെയും പേരിൽ 4492 കാലേ അരയ്ക്കാൽ പണം മുതൽക്കൂട്ടി പിരിച്ചതായി കണക്കുണ്ട്. പിരിക്കാൻപോകുന്ന സർക്കാർ ജീവനക്കാർ പലവിധേന ഇവരെ ഉപദ്രവിക്കാനും മടിച്ചിരുന്നില്ല.

**ഊഴിയവേല:-** ഊഴിയമെന്നാൽ പ്രതിഫലമില്ലാതെ ഈഴവർ മുതലായ ജാതിക്കാരെക്കൊണ്ടു ചെയ്യിച്ചുവന്ന റോഡുവെട്ട് മുതലായ ജോലികളായിരുന്നു. 1038-ൽ 10,000 രൂപാ ഊഴിയം നിർത്തുന്നതിന് ചെലവിൽ കൊള്ളിക്കാൻ സർക്കാർ തീരുമാനിച്ചു. 1038-ലെ രാജ്യഭരണ റിപ്പോർട്ട് - സർ ടി. മാധവ രായർ.

**അനുവാദം:-** ആകെ കോയിമ്മ 18 ആണ്. അതിൽ ആർപ്പ്, കുരവ, ആഭരണം ധരിക്ക, പിണ്ഡം, പുലകുളി ഇതുകൾക്ക് വെറ്റിലക്കെട്ടുവെച്ച് അനുവാദം വാങ്ങുന്ന ചടങ്ങ്. പെൺകെട്ട് കല്യാണത്തിനും വെറ്റിലക്കെട്ട് ഒന്നുക്കും പെൺ ഒന്നുക്ക് ഒരു രാശി വീതവും വയ്ക്കണമായിരുന്നു.

**1040-ൽ നിർത്തൽ ചെയ്യപ്പെട്ട കരങ്ങൾ**

മുടിയെടുപ്പ്, അലങ്കാരം, കൈക്കൂലി, തങ്കശ്ശേരി, വേലികെട്ട്, മുണ്ടുവച്ചു തൊഴീൽ, ഈഴവകൊട്ടിൽ, ഈഴവാത്തി, മണ്ണാൻ, മാറ്റുവരി, കച്ചപ്പണം, തിരുക്കല്യാണം തുടങ്ങി 105 ജാതി കരങ്ങൾ.

പണ്ടാരവകച്ചുമടുകൾ ഈഴവർ മുതലായവരെക്കൊണ്ടാണ് എടുപ്പിച്ചിരുന്നത്. ഓരോ മാസത്തിലെയും ഒരു കൃത്യതീയതി പണച്ചുമടുണ്ടാകും. കാതത്തിന് ഒരു ചക്രമായിരുന്നു ചുമട്ടുകൂലി. 989-ൽ ഭാരം ചുമക്കുന്ന ആൾക്ക് അവരുടെ പ്രയാസത്തിന് തക്കവണ്ണം കൂലി കൊടുപ്പിക്കേണ്ടത്. രാജധർമ്മം, മേലാൽ കാതമൊന്നിന് ചുമട്ടുകൂലി വാങ്ങി ചുമടെടുക്കണമെന്ന് വിളംബരമുണ്ടായി.

**വീടുകൾ:-** ഓടു മേയ്ക്കാനുള്ള സ്വാതന്ത്ര്യം- എല്ലാ ജാതിക്കാർക്കും ഉണ്ടായിരുന്നില്ല. കൊല്ലം കമ്പോളത്തിൽ അഗ്നിബാധ ഉണ്ടായി കുറെ വീടുകൾ നശിച്ചശേഷമാണ് വീടുകൾ ഓടിടാനുള്ള അവസരം ലഭിച്ചത്. "സകലമാന ജാതിക്കാരും അവരവരിടെ മനസ്സിൻപ്രകാരം വീടുകൾ ഓടുമേയിച്ച് സന്തോഷസൗഖ്യമായി ഇരുന്നുകൊള്ളണം" എന്ന് 992 ലാണ് വിളംബരം ഉണ്ടാകുന്നത്.

വൈക്കത്തെ ഈഴവരെ സംബന്ധിച്ചിടത്തോളം വൈക്കം ക്ഷേത്രത്തിൽ ഉത്സവം, സഹസ്രകലശം, വാശി അഷ്ടമി, തിരുനാൾ ഈ അടിയന്തിരങ്ങൾക്കും വിശേഷാൽ സദ്യ മുതലായവയ്ക്കും വേണ്ടുന്ന വിറക് 10000 കോൽവരെ വേണ്ടതിന് 4 പണം വീതം പതിവ് വിലകൊടുപ്പിച്ച് കീറിച്ച് വന്നിരുന്നു. ദിവാൻ രാമയ്യങ്കാരുടെ കാലത്താണ് ഈ അന്യായത്തിന് ഈഴവരെ സംബന്ധിച്ച് അറുതി വന്നത്.

ചില സ്ഥലങ്ങളിൽ ചില പ്രത്യേക കച്ചവടങ്ങൾ ചില ഈഴവ ജാതിക്കാർക്ക് നിഷിദ്ധമായിരുന്നു. ഇതിന് വിപരീതമായി ചെയ്യുന്ന കച്ചവടങ്ങൾക്ക് 'പണ്ടാരവകയിൽനിന്ന് ചോദ്യം ചെയ്യലുകൾ' ഉണ്ടായിരുന്നു. ഇതുമൂലമുള്ള സങ്കടങ്ങൾക്ക് പരിഹാരമായി 993 ധനുവിൽ റാണി പാർവതീഭായിയുടെ വിളംബരം ഉണ്ടായി. "അവരവരിടെ മനസ്സിൻപ്രകാരം ഉള്ള കച്ചവടങ്ങൾ ചെയ്തുകൊള്ളുന്നതിന് യാതൊരു വിരോധങ്ങളും ചെയ്യാൻ യുക്തം ഉള്ളതല്ലാഴികകൊണ്ട് മേൽ ഉള്ളതിന് ഏതുവക ചരക്കെങ്കിലും മനസുള്ള ആളുകൾ കച്ചവടം ചെയ്തുകൊള്ളുകയും വേണം. ആയതിന് പണ്ടാരവകയിൽനിന്ന് യാതൊരു വിരോധവും ചെയ്യാൻ ആവശ്യവുമില്ല."

സാമുദായിക സമത്വം ഇന്ന് ഏറെക്കുറെ നിലവിൽ വന്നിരിക്കുന്നു. അസമത്വത്തിന്റെ ആധുനിക മുഖങ്ങളാണല്ലോ ഇന്നത്തെ സമൂഹത്തിന് പരിചയം.

**സഹായക ഗ്രന്ഥങ്ങൾ**

1. കേശവൻ സി. 'ജീവിതസമരം' ഡി.സി. ബുക്സ്, കോട്ടയം, 2003 edi പുറം 100-104.
2. മോഹൻദാസ് എസ്. (എഡി) 'പ്രബുദ്ധതയുടെ ഇതിഹാസം'. എൽ.ആർ.സി. പബ്ലിക്കേഷൻസ്, മയ്യനാട്, കൊല്ലം. പുറം 113.
3. പ്രഭാകരൻ തമ്പി. എം. മയ്യനാട് - ഒരു ചരിത്രസമ്പന്ന ഗ്രാമം. ഷാജിപ്രഭാ പബ്ലിക്കേഷൻസ്, തിരുവനന്തപുരം-11, 2008 edi പുറം 65.